in terms that is a different matter. I may mention to the House that the premises would be easily worth Rs. 40 thousand; they are very extensive premises, very spacious buildings and two tanks. It was a free gift from a caste Hindu Devaswom. Government have been very wise in altering the rule in this fashion. If on the other hand Hon'ble Members think that the Trichur Municipality should not have that Sathram on their terms and should go in for another cosmopolitan one, purchased either with Government money or Municipal money, I have nothing to say. The question is whether it is desirable to give up this estate worth about 40 to 50 thousand rupees simply because there is the restriction imposed about diet there. I hope the Hon'ble Non-official Members will be pleased to see the correct aspect of it. I am therefore constrained to oppose this resolution. I hope the Hon'ble Member will withdraw the resolution.

മിസ്റ്റർ കെ. അയ്യപ്പൻ:—സർ, ഗവൺമെൻറ് ആ രൂപം മാറിയിരിക്കുന്നതുകൊണ്ട് എൻെറ ഉദ്ദേശം സാധിച്ചിട്ടുണ്ട്. പക്ഷെ രൂപം ഒരു പ്രത്യേക വ്യവസ്ഥയോടുകൂടി മാറിയിരിക്കുന്നുവെന്ന് എൻെറ ഒരു മാന്യസ്നേഹിതൻ ഇവിടെ ആക്ഷേപിച്ചു പറയുകയുണ്ടായി. അദ്ദേഹത്തോടുകൂടി ഞാനും യോജിക്കുന്നു. പക്ഷെ അതിനുവേണ്ടി നിബന്ധിക്കേണ്ട ആവശ്യമില്ല. മത്സ്യമാംസം സത്രത്തിൽ കയറാണമെന്നു ജാതിഹിന്ദുക്കൾ തന്നെ വാദിച്ചു കൊള്ളും.

Motion was, with leave, withdrawn.

18. Panchayat Elections and Nominations Simultaneity of.

Mr. P. Kumaran Ezhuthassan:—The resolution standing in my name reads thus:—

This Council recommends to the Government that all elections and nominations to each Panchayat may be made at the same time so that the Panchayat may function properly.

ഇതു് ഗവൺമെൻറ് സീരിക്കേണ്ടതായ ഒരു നിശ്ചയമാണു്. ഇപ്പോഴുള്ള പഞ്ചായത്തുകളിലെ മെമ്പർമാരുടെ കാലാവധി ഒരേ സമയത്തു തുടങ്ങുകയോ അവസാനിക്കുകയോ ചെയ്യുന്നില്ലെന്നു ഏവർക്കും അറിയാവുന്ന സംഗതിയാണു്. ഒന്നോ രണ്ടോ മെമ്പർന്മാരുടെ ഇലക്ഷൻ കഴിഞ്ഞുവരുമ്പോഴേക്കു് അതിനു മുമ്പു നോമിനേറ ചെയ്ത മെമ്പർമാരുടെ കാലം കഴിയുന്നു. അപ്പോൾ എതാനും മെമ്പർമാരെ നോമിനേറചെയ്തു് അവരുടെ ഇടയിൽ ചെലുത്തുന്നു. അങ്ങിനെയിരിക്കുമ്പോൾ ഇലക്ഷൻ ചെയ്തവരുടെ കാലം കഴിയുന്നു. പിന്നീടു് ഇലക്ഷനുവേണ്ടിയുള്ള കുഴപ്പമായി.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരം ഇടയ്ക്കിടെ മെമ്പർമാർ മാറിക്കൊണ്ടിരിയ്ക്കുന്നതുകൊണ്ടുവരുന്ന കുഴപ്പത്തിനു് ഒരു നിവൃത്തിയുണ്ടാക്കണമെന്നപേക്ഷിയ്ക്കുവാനാണു് ഞാൻ ഈ റസല്യൂഷൻ കൊണ്ടുവന്നിട്ടുള്ളതു്. അതായതു് ഒരു പഞ്ചായത്തിലെ ഇലക്ഷൻ മെമ്പർമാരുടേയും നോമിനേറ്റുചെയ്യുമെമ്പർമാരുടേയും കാലാവധി ഒരേസമയത്തുതന്നെ അവസാനിക്കുമാറാകണമെന്നാണു് ഈ റസല്യൂഷനിൽ ഞാൻ ആവശ്യപ്പെട്ടതു്. ഈ റസല്യൂഷനിൽ സാധാരണയുണ്ടാകാവുള്ള ഉപദ്രവങ്ങളൊന്നുമില്ലാത്തതുകൊണ്ടു് ഗവൺമെൻറു് ഇതു സ്വീകരിയ്ക്കുമെന്നു ഞാൻ വിശ്വസിയ്ക്കുന്നു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ:—ഈ ഒരു വിഷയം ഇതിനുമുമ്പാരിയ്ക്കൽ ഗവൺമെൻറിൻറെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ അതിനെപ്പറ്റി ആലോചിയ്ക്കുന്നുണ്ടു് എന്നു് ഗവൺമെൻറിൽ നിന്നും മറുപടി പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഗവൺമെൻറു് ഇതിനെ അനുകൂലിയ്ക്കുമെന്നാണു് എൻറെ വിശ്വാസം. ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

Mr. P. V. Raphael:—The principle expressed in this resolution has been accepted by the Government and the draft bill has also been drafted and the Government Advocate has checked the Bill. But for the paucity of time we would have even introduced the bill in this Council. The Government will take earliest opportunity to introduce the bill in the Council.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ:—ഗവൺമെൻറു് ഈ വിഷയത്തിൽ വേണ്ടതു ചെയ്യാമെന്നു പറഞ്ഞതുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻവലിയ്ക്കുന്നു.

Motion was, with leave, withdrawn.

19. Trichur Municipal Road—Right over.

Mr. K. Ayyappan:— The resolution reads thus:—

"*This Council recommends to the Government not to accede to the move to take a road in the Trichur Municipality from the jurisdiction of the Municipal Council*".

സർ, തൃശ്ശൂർ മുനിസിപ്പാലിറ്റി റോഡുകളിൽ ഒരെണ്ണം ദേവസ്വം സങ്കേതമാക്കുവാൻ എന്തോ ചില വേലകളെല്ലാം നടക്കുന്നതായി അറിയുന്നു. മുമ്പു് ദേവസ്വം പുറമ്പോക്കായിരുന്ന സ്ഥലങ്ങൾ എല്ലാവക്കും ഉപയോഗിയ്ക്കത്തക്കവണ്ണം സാധാരണ പുറമ്പോക്കാക്കണമെന്നു വാദിച്ചുകൊണ്ടിരിയ്ക്കുന്ന ഇക്കാലത്തു്, ഇതുവരെ എല്ലാവരും ഉപയോഗിച്ചിരുന്ന സ്ഥലങ്ങൾ വീണ്ടും എല്ലാവക്കും പ്രവേശനമില്ലാതാക്കുവാനുള്ള് കാര്യത്തിൽ ഒരു ഗവൺമെൻറും യോജിയ്ക്കുവാൻ പാടില്ലാത്തതാണു്. തൃശ്ശൂർപട്ടണത്തിലെ എല്ലാസമുദായക്കാരുടേയും മനോഭാവത്തേയും ആവശ്യങ്ങളേയും

LIBRARY ARCHIVES Kerala Legislative Assembly